No.CEE/1133/5LLB/2021/TA3

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്ത പുരം - 695 001

## പത്രക്കുറിപ്പ്

## 2021-22 ലെ ഇന്റഗ്രേറ്റഡ്പഞ്ചവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു

കേരളത്തിലെ നാല് സർക്കാർ ലോ കോളേജുകളിലേയും സംസ്ഥാന സർക്കാരുമായി സീറ്റ് പങ്കിടുന്ന സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2021-22 അദ്ധ്യയന വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ എൽ.ബി. കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു.

കേരളത്തിലെ എല്ലാ ജില്ലകളിലെയും കേന്ദ്രങ്ങളിൽ വച്ച് 2021 വർഷത്തെ പഞ്ചവത്സര എൽ എൽ.ബി. പ്രവേശന പരീക്ഷ നടത്തുന്നതാണ്. പരീക്ഷാ തീയതിയും സമയവും പിന്നീട് അറിയിക്കുന്നതാണ്.

ഇതിനായി 19.07.2021 മുതൽ 28.07.2021 വൈകുന്നേരം 4 മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷാ ഫീസ് ജനറൽ/എസ്.ഇ.ബി.സി വിഭാഗത്തിന് 685/- രൂപയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് 345/- രൂപയും ആണ്. അപേക്ഷാ ഫീസ് ഓൺലൈൻ പേയ്മെന്റ് വഴിയോ ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ-ചെലാൻ ഉപയോഗിച്ച് കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഏതെങ്കിലും ഹെഡ്/സബ് പോസ്റ്റ് ഓഫീസ് മുഖേനയോ ഒടുക്കാവുന്നതാണ്.

പ്രവേശന പരീക്ഷയുടെ വിശദാംശങ്ങൾ അടങ്ങുന്ന പ്രോസ്പെക്ടസും വിജ്ഞാപനവും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

Seetha

പ്രവേശന പരീക്ഷാകമ്മീഷണർ

തിരുവനന്തപുരം
19.07.2021